(ഇ) തടവുകാർ ഏത് രാഷ്ട്രീയ കക്ഷികളുടെ അനുഭാവികളാണെന്ന് ജയിൽ രേഖകളിൽ രേഖപ്പെടുത്താറില്ല.

സ്ത്രീപീഡനം തടയാൻ സംവിധാനം

161 (163) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ/സ്വാകാര്യ സ്ഥാപനങ്ങളിൽ സ്ത്രീപീഡനം തടയാൻ ഇന്ന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് ;

(ബി) ഇക്കാര്യത്തിൽ സുപ്രീം കോടതി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുള്ള മികച തൊഴിൽ നിയമനങ്ങളിലും സ്ത്രീകൾക്കെതിരായ പീഡനം തടയുന്നതിനും പ്രത്യേക സൗകര്യങ്ങൾ ഉറപ്പ് നൽകിക്കൊണ്ടുമുള്ള വ്യവസ്ഥകൾ ഉണ്ട്. ഇവ കർശനമായി നടപ്പാക്കുന്നുണ്ട്. സ്ത്രീകൾക്കെതിരായ ലൈംഗിക പീഡനം തടയുന്നതിന് 1998-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 1958-ലെ കേരള ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) റൂളിൽ ആവശ്യമായ ഭേദഗതി വരുത്തി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (ജി.ഒ.ആർ.ടി) 1819/ 2000/ തൊഴിൽ. നമ്പരിലുള്ള 26-5-2000-ലെ ഉത്തരവ് (കേരള അസാധാരണ ഗസറ്റ് നമ്പർ 1043 തീയതി 2000 പ്രകാരം) പ്രസ്തുത ഭേദഗതി എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(ബി) സ്ത്രീകൾക്കെതിരായ ലൈംഗിക പീഡനം തടയുന്നതിനായി വിശാഖ വെഴ്സസ് രാജസ്ഥാൻ സ്റ്റേറ്റ് എന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) റൂളിൽ ആവശ്യമായ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

10-1-2001-ലെ പണിമുടക്ക്

162 (164) ശ്രീ. എ. കെ. മണി : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-1-2001-ൽ ഏതാനും സർവ്വീസ് സംഘടനകൾ പണിമുടക്കുകയുണ്ടായോ ;

(ബി) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിലെ ബഹുഭൂരിപക്ഷം പേരും അന്ന് ജോലി ചെയ്യുന്നതിന് എത്തിയിരുന്നുവോ ;

† അനുബന്ധം - XXIII

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്ന് പണിമുടക്ക് നടത്തിയവർ പണിമുടക്ക് നടത്താത്തവരുടെ മേൽ അക്രമം അഴിച്ചുവിട്ടുവോ ;

(ഡി) ഇതിനു സാക്ഷ്യംവഹിച്ച പോലീസ് എന്തു നടപടി എടുത്തു ;

(ഇ) ഇപ്രകാരം പണിമുടക്കാത്തവരുടെ മേൽ അക്രമം നടത്തിയവരിൽ സെക്രട്ടറിയേറ്റിനു പുറത്തുള്ള ജീവനക്കാരും ഗുണ്ടകളും ഉണ്ടായിരുന്നുവോ ;

(എഫ്) തിരുവനന്തപുരം വി.ജെ.റ്റി. ഹാളിലെ ജീവനക്കാരനായ കരിമുള്ളഖാൻ എന്നയാൾ ഈ അക്രമിസംഘത്തിൽ ഉണ്ടായിരുന്നുവോ ; ഇയാളുടെ മേൽ എന്തു നടപടി എടുത്തു ;

(ജി) ഒരു സർവ്വീസ് സംഘടന പണിമുടക്കുമ്പോൾ പണിമുടക്കിൽ പങ്കെടുക്കാത്ത മറ്റു സർവ്വീസ് സംഘടനകളിലെ അംഗങ്ങൾക്ക് സംരക്ഷണം നൽകാറുണ്ടോ ;

(എച്ച്) 10-1-2001-ൽ ഇക്കാര്യത്തിനുവേണ്ടി എന്തു നടപടിയെടുത്തു ;

(ഐ) അന്ന് പണിമുടക്കാത്ത ജീവനക്കാരുടെമേൽ പണിമുടക്കിൽ പങ്കെടുത്തവർ നടത്തിയ അതിക്രമത്തെപ്പറ്റി പരാതി നൽകുന്നതിനായി മുഖ്യമന്ത്രിയെ കാണാൻപോയ ജീവനക്കാരെ പണിമുടക്കനുകൂലികളും പുറത്തു നിന്നുള്ള ഗുണ്ടകളും പോലീസും ചേർന്ന് സെക്രട്ടറിയേറ്റ് മന്ദിരത്തിൽ വച്ച് മർദ്ദിച്ചുവോ ;

(ജെ) ഇപ്രകാരം മർദ്ദിച്ചവരുടെ മേൽ എന്തെല്ലാം നടപടികളെടുത്തു ; ഒരു നടപടിയും സ്വീകരിക്കാത്ത പക്ഷം അതിനുള്ള കാരണം എന്ത് ;

(കെ) മർദ്ദനമേറ്റവരിൽ ആർക്കൊക്കെ കൂത്തുകിട്ടി ; ആർക്കെല്ലാം ഗുരുതരമായി പരിക്കേറ്റു ; ആരെയെല്ലാം മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു ;

(എൽ) ഈ സംഭവത്തോടനുബന്ധിച്ച് ആരുടെയെല്ലാം പേരിൽ കേസ് എടുത്തു ; അവർ പണിമുടക്കിനെ അനുകൂലിച്ചവരോ, പ്രതികൂലിച്ചവരോ ആണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ടായി.

(ബി) ലഭ്യമായ വിവരമനുസരിച്ച് ഭൂരിപക്ഷം പേരും അന്ന് ജോലി ചെയ്യുന്നതിന് എത്തിയിരുന്നില്ല.

(സി) ഇല്ല. എന്നാൽ കോഫിഹൗസ് പരിസരത്ത് ജീവനക്കാർ തമ്മിൽ സംഘർഷം ഉണ്ടായി.

(ഡി) അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി കന്റോൺമെന്റ് സി.ഐ. യുടെ നേതൃത്വത്തിൽ പോലീസ് ഇരു വിഭാഗങ്ങളേയും പിൻതിരിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ-എഫ്) ഈ കേസുമായി ബന്ധപ്പെട്ട് കരിമുള്ളഖാൻ എന്നൊരാളെ പോലീസ് അറസ്റ്റുചെയ്തിട്ടുണ്ട്.

(ജി) സമര ദിവസങ്ങളിൽ ഓഫീസ് പരിസരത്ത് അക്രമസംഭവങ്ങളും സംഘർഷവും ഒഴിവാക്കുന്നതിന് വകുപ്പുമേധാവികളുമായി ആലോചിച്ച് മുൻകരുതൽ നടപടി സ്വീകരിക്കാൻ ഡി.ജി.പി. യ്ക്ക് നിർദ്ദേശം നൽകാറുണ്ട്.

(എച്ച്) 10-1-2001-ന് ആൾ ഇന്ത്യാ സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയ്മെന്റ് ഫെഡറേഷൻ നടത്തിയ പണിമുടക്കിനെ തുടർന്ന് തിരുവനന്തപുരം സിറ്റിയിലെ മൊത്തം പോലീസ് സേനയേയും മൊബിലൈസ് ചെയ്ത് ഡ്യൂട്ടിക്ക് നിയമിച്ചിരുന്നു. അതോടൊപ്പം സെക്രട്ടറിയേറ്റിലെ 4 ഗേറ്റുകളിലും ശക്തമായ പോലീസ് ബന്ധവസ് ഏർപ്പെടുത്തിയിരുന്നു.

(ഐ-എൽ) ഒരുവിഭാഗം ജീവനക്കാർ സംഘം ചേർന്ന് മുദ്രാവാക്യം വിളിച്ച് മുഖ്യമന്ത്രിയുടെ ബ്ലോക്കിൽ അതിക്രമിച്ചു പ്രവേശിച്ചു. സെക്യൂരിറ്റി സംവിധാനത്തെ തകർത്തുകൊണ്ട് മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും ഭീഷണി ഉയർത്തിയതുകൊണ്ട് അക്രമം കാട്ടിയ 5 ജീവനക്കാരെ അറസ്റ്റുചെയ്യുകയുണ്ടായി. ഇവരെ സഹായിക്കുന്നതിന് പുറത്തുനിന്നും ചില നേതാക്കന്മാരും എത്തിയിരുന്നു. തുടർന്ന് അവരുടെ ആവശ്യപ്രകാരം അഞ്ചുപേരെയും മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ടി സംഭവങ്ങളുടെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് രണ്ടുക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വീരപ്പനെ പിടിക്കാൻ നടപടി

163 (165) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി അവസാനവും ഫെബ്രുവരി ആദ്യവും വീരപ്പൻ കേരളാതിർത്തിക്കുള്ളിലുള്ള മലകളിൽ എത്തിയിരുന്നുവോ ;

(ബി) എങ്കിൽ എത്ര ദിവസം അയാൾ കേരളാതിർത്തിക്കുള്ളിലുണ്ടായിരുന്നു ;

(സി) അയാൾ കേരളത്തിലെത്തി ഇരുപത്തിനാലു മണിക്കൂറുകൾക്കകം അയാളെ പിടിച്ചുവോ ;

(ഡി) ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-ഡി) തമിഴ്നാടിന്റെയും കേരളത്തിന്റെയും അതിർത്തിപ്രദേശമായ വനമേഖലയിൽ വീരപ്പനെ പിടികൂടുന്നതിന് ഒരു പ്രത്യേക ദൗത്യസംഘം പ്രവർത്തനം നടത്തിവരികയാണ്. അവർക്ക് ആവശ്യമായ എല്ലാ സഹായവും കേരള പോലീസ് നൽകിവരുന്നു. വീരപ്പൻ കേരളത്തിൽ എത്തിയതായി നിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly